REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 23-02-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മുതൽ മൂന്ന് ദിവസങ്ങളിലായി മധ്യപ്രദേശ്, ബിഹാർ, അസം സംസ്ഥാനങ്ങൾ സന്ദർശിക്കും. ഭഗൽപൂരിൽ നാളെ, പ്രധാനമന്ത്രി കിസാൻ പദ്ധതിയുടെ 19-ാം ഗഡു പ്രധാനമന്ത്രി പ്രകാശനം ചെയ്യും.
- പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് രാവിലെ 11ന് ആകാശവാണിയിലും ദൂരദർശനിലും.
- ആഗോള നിക്ഷേപ സംഗമത്തിൽ 370 ലധികം താൽപര്യ പത്രങ്ങളിലൂടെ ഒന്നര ലക്ഷം കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.
- ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ ഇതുവരെ മൂന്ന് ലക്ഷത്തിലധികം പേർ പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ്.
- പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവം ഇന്ന് തൃശൂരിൽ ആരംഭിക്കും.
- ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം. ISL ഫുട്ബോളിൽ ഗോവയോട് പരാജയപ്പെട്ട കേരള ബ്ലാസ്റ്റേഴ്സിന്റെ പ്ലേ ഓഫ് സാധ്യത മങ്ങി.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മുതൽ മൂന്ന് ദിവസങ്ങളിലായി മധ്യപ്രദേശ്, ബിഹാർ, അസം സംസ്ഥാനങ്ങൾ സന്ദർശിക്കും. മധ്യപ്രദേശിലെ ഛത്തർപൂർ ജില്ലയിലെ ബാഗേശ്വർ ധാം മെഡിക്കൽ ആൻഡ് സയൻസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് അദ്ദേഹം ഇന്ന് ഉച്ചയ്ക്ക് ശേഷം തറക്കല്ലിടും. ഭോപ്പാലിൽ ദ്വിദിന ആഗോള നിക്ഷേപക ഉച്ചകോടി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

നാളെ, ബീഹാറിലെ ഭഗൽപൂരിൽ പ്രധാനമന്ത്രി കിസാൻ പദ്ധതിയുടെ 19-ാം ഗഡു പ്രകാശനം ചെയ്യും. രാജ്യത്തെ ഒൻപത് കോടി 70 ലക്ഷത്തിലധികം കർഷകർക്ക് 21,500 കോടി രൂപയിലധികം സാമ്പത്തിക സഹായം ലഭിക്കും. ബിഹാറിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും സമർപ്പണവും പ്രധാനമന്ത്രി നിർവഹിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ചിന്തകൾ ജനങ്ങളുമായി പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് രാവിലെ 11ന് ആകാശവാണി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും എയർ ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും മൻ കി ബാത്ത് ലഭിക്കും.

AIR ന്യൂസ്, DD ന്യൂസ്, PMO, ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത്ത് തത്സമയ സംപ്രേക്ഷണം ചെയ്യും.

പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണം കഴിഞ്ഞാലുടൻ ആകാശവാണി കേരള നിലയങ്ങളിൽ അതിന്റെ മലയാള പരിഭാഷ കേൾക്കാം.

✪✪✪

മുൻ RBI ഗവർണർ ശക്തികാന്ത ദാസിനെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാം പ്രിൻസിപ്പൽ സെക്രട്ടറി ആയി നിയമിച്ചു. തമിഴ്നാട് കേഡറിലെ 1980 ബാച്ച് മുൻ IAS ഉദ്യോഗസ്ഥനാണ് അദ്ദേഹം.

✪✪✪

ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില അതീവ ഗുരുതരാവസ്ഥയിൽ തുടരുകയാണെന്ന് വത്തിക്കാനെ ഉദ്ധരിച്ച് CNN റിപ്പോർട്ട് ചെയ്തു. പോപ്പ് അപകടനില തരണം ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

88 വയസുകാരനായ മാർപാപ്പയെ കഴിഞ്ഞ 14-നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

✪✪✪

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 100 ദിവസത്തെ ക്ഷയരോഗ നിർമാർജന കാമ്പയനിന്റെ ഭാഗമായി നടന്ന പരിശോധനയിൽ രാജ്യത്ത് അഞ്ച് ലക്ഷത്തിലധികം ക്ഷയരോഗ രോഗികളെ കണ്ടെത്തി. 455 ജില്ലകളിലായി 3ലക്ഷത്തി 57,000 ത്തിലധികം പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ദുർബലരായ 10 കോടിയിലധികം വ്യക്തികളെ രോഗപരിശോധനയ്ക്ക് വിധേയമാക്കിയതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

✪✪✪

കൊച്ചിയിൽ ഇന്നലെ സമാപിച്ച ആഗോള നിക്ഷേപ സംഗമത്തിൽ 370 ലധികം താൽപര്യ പത്രങ്ങളിലൂടെ സംസ്ഥാനത്ത് ഒരു ലക്ഷത്തി 52,905 കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന നിക്ഷേപകരും വ്യവസായ പ്രമുഖരും മലയാളി സംരംഭകരും സംസ്ഥാന ഗവൺമെന്റും ഒത്തുചേർന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് പ്രതീക്ഷകൾക്കപ്പുറത്തെ വിജയമായെന്ന് മുഖ്യമന്ത്രി ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.

വ്യവസായ സൗഹൃദ സംസ്ഥാനം എന്ന നിലയ്ക്ക് കേരളത്തിന്റെ സാധ്യതകളെ ലോകം തിരിച്ചറിഞ്ഞെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിന്റെ ഐടി മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പുതിയ ആശയങ്ങളും അടിയുറച്ച പിന്തുണയും ഇൻവെസ്റ്റ് സമ്മിറ്റിന്റെ ഭാഗമായി സംഘടിപ്പിച്ച ഐടി റൗണ്ട് ടേബിളിൽ നിന്നും ലഭിച്ചെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ ഇതുവരെ മൂന്ന് ലക്ഷത്തി 7,120 പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതിൽ 16,644 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തതായും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. സംസ്ഥാനത്തെ 1,381 ഗവൺമെന്റ് ആശുപത്രികളിൽ സ്ക്രീനിംഗിന് സംവിധാനമൊരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഏറ്റവും അടുത്ത ആരോഗ്യ കേന്ദ്രങ്ങളിലെത്തിയാൽ സ്ത്രീകൾക്ക് കാൻസർ സ്ക്രീനിംഗ് നടത്തണമെന്നും, എല്ലാ സ്ത്രീകളും കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

കാർഷിക രംഗത്ത് പൂർണ്ണമായും യന്ത്രവത്കരണം നടപ്പിലാക്കുന്നത് ആപത്താണെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പുതുതലമുറ കൃഷിയിൽ നിന്ന് അകന്ന് നിൽക്കുന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രചാരണവും ഉറപ്പുവരുത്തുന്നതിന് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കഞ്ഞിക്കുഴിയിൽ പരമ്പരാഗത വിത്തുത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവം -ഇറ്റ്ഫോക് 2025- ഇന്ന് തൃശൂരിൽ ആരംഭിക്കും. കേരള സംഗീത നാടക അക്കാദമി ഹാളിൽ വൈകീട്ട് മന്ത്രി സജി ചെറിയാൻ നാടകോത്സവം ഉദ്ഘാടനം ചെയ്യും.

സംസ്കാരത്തിന്റെ വ്യത്യസ്ത ധാരകളിൽ ജീവിക്കുന്ന മനുഷ്യരുടെ പ്രത്യാശയും അതിജീവനവും പ്രമേയമാകുന്ന പ്രതിരോധത്തിന്റെ സംസ്കാരങ്ങൾ' എന്ന ആശയമാണ് ഇറ്റ്ഫോക് 2025 മുന്നോട്ട് വയ്ക്കുന്നത് .

ഈജിപ്റ്റ്, റഷ്യ, ഹംഗറി, ശ്രീലങ്ക, ഇറാഖ് എന്നീ രാജ്യങ്ങളിൽ നിന്നുൾപ്പെടെ പതിനഞ്ച്' നാടകങ്ങൾ എട്ടു ദിവസങ്ങളിലായി ഇത്തവണ അരങ്ങിലെത്തും. മൂന്ന് വേദികളിലായി 34 പ്രദർശനങ്ങൾ നടക്കും.

നാടകങ്ങൾക്ക് പുറമെ, പാനൽ ചർച്ചകളും, ദേശീയ അന്തർദേശീയ നാടക പ്രവർത്തകരുമായി മുഖാമുഖവും, സംഗീത-നൃത്ത നിശകളും അരങ്ങേറും.

✪✪✪

കോഴിക്കോട് വടകര വില്യാപ്പള്ളിയിൽ ഇന്നലെ വൈകിട്ട് വീടിന് തീപിടിച്ച് വയോധിക മരിച്ചു. നാരായണി എന്ന 80 കാരിയാണ് മരിച്ചത്.

✪✪✪

ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് 2.30നാണ് ചിരവൈരികൾ തമ്മിൽ ഏറ്റുമുട്ടുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

മത്സരത്തിന്റെ ടിക്കറ്റുകൾ ഇതിനകം വിറ്റുതീർന്നതിനാൽ വൻ ജനക്കൂട്ടം മത്സരം കാണാനെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രൂപ്പ് എയിൽ പാക്കിസ്ഥാൻ ആദ്യ മത്സരത്തിൽ ന്യൂസിലൻഡിനോട് പരാജയപ്പെട്ടിരുന്നു.

**ഇന്ത്യയാകട്ടെ ബംഗ്ലാദേശിനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തിയാണ് രണ്ടാം അങ്കത്തിന് ഇറങ്ങുന്നത്.**

**ഇന്നു പരാജയപ്പെട്ടാൽ പാക്കിസ്ഥാന്റെ സെമി ഫൈനൽ സ്വപ്നം ഏകദേശം അസ്തമിക്കും. 2017 ചാമ്പ്യൻസ് ട്രോഫി ഫൈനൽ മുതൽ പരമ്പരാഗത എതിരാളികൾക്കെതിരായ ആറ് മത്സരങ്ങളിൽ അഞ്ചിലും ഇന്ത്യയാണ് വിജയിച്ചത്.**

**ഏകദിന ലോകകപ്പ് മത്സരങ്ങളുടെ കാര്യമെടുത്താൽ പാക്കിസ്ഥാനെതിരായ 13 മത്സരങ്ങളിൽ 10-ലും ഇന്ത്യ ജയിച്ചു. എന്നാൽ ചാമ്പ്യൻസ് ട്രോഫിയുടെ കാര്യമെടുത്താൽ, രണ്ടിനെതിരെ മൂന്ന് ജയവുമായി ഇന്ത്യക്കെതിരെ പാകിസ്ഥാന് നേരിയ മുൻതൂക്കമുണ്ട്.**

**ഗ്രൂപ്പ് ബിയിൽ ലാഹോറിൽ ഇന്നലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയ അഞ്ചു വിക്കറ്റിന് ഇംഗ്ലണ്ടിനെ കീഴടക്കി.**

✪✪✪

**വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ UP വാരിയേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി. ബെംഗളൂരുവിലെ എം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 33 റൺസിനാണ് വാരിയേഴ്സിന്റെ ജയം.**

✪✪✪

**ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് വീണ്ടും തോൽവി. മഡ്ഗാവിൽ ഗോവയോട് മറുപടിയില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെട്ട കേരള ബ്ലാസ്റ്റേഴ്സിന്റെ പ്ലേ ഓഫ് സാധ്യത ഏറെക്കുറെ അവസാനിച്ചു.**

**സീസണിൽ ബ്ലാസ്റ്റേഴ്സിന്റെ 11ാം തോൽവിയാണിത്.**

✪✪✪

**ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ നടന്ന വനിതാ FIH ഹോക്കി പ്രോ ലീഗ് മത്സരത്തിൽ ഇന്ത്യ മറുപടിയില്ലാത്ത ഒരു ഗോളിന് ജർമ്മനിയെ തോൽപ്പിച്ചു. നാളെ നെതർലൻഡ്സിനെതിരെയാണ് ഇന്ത്യയുടെ അടുത്ത മത്സരം.**

✪✪✪

**എൻഡോസൽഫാൻ ദുരിതബാധിതരും ഭിന്നശേഷിക്കാരും നിർമ്മിച്ച ഉത്പന്നങ്ങളെ വിപണിയിലേക്കെത്തിക്കാൻ കാസർകോട് ജില്ലാ ഭരണകൂടം സംഘടിപ്പിച്ച ഐ ലീഡ് ഉത്പന്നമേളയിൽ 90 ശതമാനം ഉത്പന്നങ്ങളും വിറ്റഴിഞ്ഞു.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി പി ജഗന്നിവാസൻ.**

....(വോയ്സ്)....

കാറഡുക്ക, മൂളിയർ, പുല്ലൂർ-പെരിയ , പനത്തടി , കള്ളാർ, ബദിയടുക്ക, MCRC കളിൽ നിർമ്മിച്ച ഉത്പന്നങ്ങളായിരുന്നു പ്രദർശനത്തിന്റെ പ്രധാന ആകർഷണം. കൈത്തറി ഫ്ലോർ പായകൾ, വിദ്യാർത്ഥികൾക്കും ചെറുകിട സംരംഭങ്ങൾക്കും പ്രയോജനപ്രദമായ നോട്ട്ബുക്കുകൾ, ത്രീ ഫോൾഡ് കുടകൾ, പരിസ്ഥിതി സൗഹൃദ ഫിനോൾ തുടങ്ങിയവ ഉപഭോക്താക്കളുടെ വലിയ സ്വീകാര്യത നേടുകയും വില്പന വർദ്ധിപ്പിക്കുകയും ചെയ്തു.

ഭിന്നശേഷിക്കാരും എൻഡോസൾഫാൻ ദുരിത ബാധിതരും സ്വന്തമായി വരുമാനം ഉണ്ടാക്കി സ്വയംപര്യാപ്തത നേടിയെടുക്കുന്ന ഒരു മാതൃകയാക്കുകയാണ് ഈ സംരംഭം.

✪✪✪

ഹോസ്ദുർഗ്ഗ് കോടതിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷം, രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കാസർകോട് ജില്ലാപഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെയും, വൈകീട്ട് മടിക്കൈ എരിക്കുളത്ത് ജില്ലാ പഞ്ചായത്തിന്റെ KM സ്മാരക മന്ദിരത്തിന്റെയും ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

ഗോത്രജനതയുടെ സംസ്കാരത്തേയും പാരമ്പര്യ അറിവുകളേയും പരമാവധി ഉപയോഗപ്പെടുത്തി വികസനസങ്കൽപങ്ങളാണ് വേണ്ടതെന്ന് മന്ത്രി O.R കേളു അഭിപ്രായപ്പെട്ടു. സംസ്ഥാന പട്ടികജാതി പട്ടികവർഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പായ കിർത്താഡ്സിന്റെ നവീകരിച്ച വെബ്സൈറ്റിന്റെ ഉദ്ഘാടനവും വകുപ്പ് തയ്യാറാക്കിയ പുസ്തകത്തിന്റെ പ്രകാശനവും കോഴിക്കോട്ട് നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

ഇന്ത്യൻ സമ്പദ്ഘടനയുടെ ഉയർച്ചയും ഉറപ്പും ബാങ്ക് ദേശസാത്കരണത്തിന്റെ ഫലമാണെന്ന് മന്ത്രി. കെ.രാജൻ അഭിപ്രായപ്പെട്ടു. ആൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ 31-ാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ പൊതുസമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുണ്ടക്കൈ- ചൂരൽ മല ഉരുൾപൊട്ടൽ ദുരന്തബാധിതരായ ഒരാളും ഒറ്റപ്പെടില്ലെന്നും. അവസാന മനുഷ്യനെയും പുനരധിവസിപ്പിക്കാതെ ചുരമിറങ്ങില്ലെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ഹോമിയോപ്പതി വന്ധ്യത നിവാരണ പദ്ധതിയായ 'ജനനി'യുടെ ജില്ലാതല കുടുംബ സംഗമവും ഹാപ്പി പേരന്റിംഗ് സെമിനാറും കോഴിക്കോട്ട് മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഈ ചികിത്സാരീതി കൊണ്ട് പ്രയോജനമുണ്ടാകുമോ എന്ന സംശയം ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്നുവെങ്കിലും വിദഗ്ധരായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും ചികിത്സക്കും ആശ്വാസ വാക്കുകൾക്കും ഫലം ഉണ്ടാക്കാൻ കഴിഞ്ഞതായി മന്ത്രി അറിയിച്ചു.

✪✪✪

കോഴിക്കോട് ജില്ലയുടെ മലയോര മേഖലകളിൽ വന്യമൃഗശല്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ വനംവകുപ്പിനെയും, തദ്ദേശ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. ജില്ലാ വികസന സമിതി യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

✪✪✪

---

*News Editor: ചന്ദ്രബാബു പി*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: ശ്രീജി*
*DEO: ഷീബ*